GOVERNMENT OF KERALA

നമ്പർ. 5316/എഫ് 1/2011/വനം

വനം വന്യജീവി (എഫ്) വകുപ്പ്
തിരുവനന്തപുരം
തീയതി: 04.06.2011

പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
തിരുവനന്തപുരം

സർ,

*വിഷയം:- സംസ്ഥാനത്തെ വിവാഹിതരാകാത്ത അമ്മമാർക്ക് പുനരധിവാസ പദ്ധതി - സംബന്ധിച്ച്.*

സംസ്ഥാനത്തെ വിവാഹിതരാകാത്ത അമ്മമാർക്കുള്ള പുനരധിവാസ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

1) വിവാഹിതരതകാത്ത അഗതികളായ അമ്മമാർക്ക് ഇപ്പോൾ പ്രതിമാസം നൽകിവരുന്ന മുന്നൂറ് രൂപ പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

2) അഗതികളായ അമ്മമാരെ വൃദ്ധസദനങ്ങളിൽ പാർപ്പിക്കുന്നതാണ്. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത മറ്റുള്ളവർക്ക് ഒരു ഏക്കർ സ്ഥലവും [Scheduled Tribes & Other Traditional Forest Dwellers (Recognition of Forest Rights) Act, 2006 പ്രകാരം] വീടും നൽകാവുന്നതാണ്. സ്വന്തമായി ഒരു ഏക്കറിൽ കൂടുതൽ വസ്തു ഉള്ളവർക്ക് വീട് വെച്ച് നൽകുന്നതാണ്. വയനാട് ജില്ലാ കളക്ടർക്ക് ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ള ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

3) വിവാഹിതരാകാത്ത അമ്മമാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുവേണ്ട സഹായം നൽകുന്നതാണ്. സ്കൂൾ ഏജ് ലിമിറ്റ് കഴിഞ്ഞുപോയ കുട്ടികൾക്ക് അവർക്കനുയോജ്യമായ സ്കിൽ ഡവലപ്പ്മെന്റ് ട്രെയിനിംഗുകൾ നൽകുന്നതാണ്.

4) നിരക്ഷരരോ, വിദ്യാഭ്യാസം ലഭിക്കാത്തതോ ആയ കുട്ടികളെ നിശ്ചിത യോഗ്യതയ്ക്ക് വിധേയമായി ഗാർഡ്, വാച്ചർ മുതലായ വനം വകുപ്പിലെ നിത്യജോലികളിൽ നിയോഗിുന്നതാണ്.

5) ഈ പദ്ധതി റവന്യൂ, വനം പട്ടികവർഗ്ഗ വകുപ്പുകളുടെ സജീവ പങ്കാളിത്തത്തോടുകൂടി സർക്കാർ നേരിട്ട് നടപ്പിലാക്കുന്നതാണ്. ഇതിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത തുകയ്ക്ക് പുതുക്കിയ ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

6) ഗ്രൂപ്പ് എന്റർപ്രൈസസുകൾ രൂപീകരിച്ച് കമ്പോളത്തിലെ ഡിമാന്റ് അനുസരിച്ച് മെഴുകുതിരി, ബുക്ക് മുതലായ വസ്തുക്കൾ നിർമ്മിക്കുന്നപക്ഷം ആയത് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും, പോസ്റ്റ് മെട്രിക്, പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും ഉപയോഗത്തിന് പര്യാപ്തമാകും.

മേൽപ്പറഞ്ഞവയിൽ വനം വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ആവശ്യം വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ

**എൻ. സുനിൽ കുമാർ**
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ